# വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ സമിതി

## 24.09.2014 ൽ കൂടിയ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ യോഗ നടപടിക്കുറിപ്പ്

യോഗം രാവിലെ 8.00-മണിക്ക് ബഹു.ഗ്രാമ വികസന വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ സെക്രട്ടേറിയറ്റിലെ ബഹു.മുഖ്യമന്ത്രിയുടെ കോൺഫറൻസ് ഹാളിൽ ആരംഭിച്ചു. ബഹു.പഞ്ചായത്ത് വകുപ്പുമന്ത്രിയും യോഗത്തിൽ സന്നിഹിതനായിരുന്നു.

1. സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 03.09.2014-ലെ യോഗ നടപടിക്കുറിപ്പ് അംഗീകരിച്ചു.

**2. പൊതുവിഷയങ്ങൾ**

**2.1** വാർഷിക പദ്ധതി രൂപീകരണ പുരോഗതി:-

2014-15 വാർഷിക പദ്ധതിയിൽ 1209 തദ്ദേശഭരണ സ്ഥാപനങ്ങളിലേയ്ക്ക് 10588 കോടി രൂപയുടെ 200126 പ്രോജക്ടുകൾക്ക് ആസൂത്രണസമിതികളുടെ അംഗീകാരം ലഭിച്ചതായി യോഗത്തിൽ റിപ്പോർട്ട് ചെയ്യപ്പെട്ടു.

**2.2 അതുല്യം (സമ്പൂർണ്ണ പ്രാഥമിക വിദ്യാഭ്യാസ പരിപാടി )**

സംസ്ഥാനത്തെ മുഴുവൻ പൗരൻമാരും പ്രാഥമിക വിദ്യാഭ്യാസം നേടുമെന്ന് ഉറപ്പുവരുത്തുന്നതിന് സംസ്ഥാന സർക്കാർ ആവിഷ്ക്കരിച്ച 'അതുല്യം' എന്ന നൂതന പദ്ധതിയുടെ വിജയത്തിനായി പ്രോജക്ട് തയ്യാറാക്കാനും ഫണ്ട് വകയിരുത്താനും ഗ്രാമപഞ്ചായത്തുകളെ അനുവദിച്ച് തീരുമാനിച്ചു. പ്രോജക്ട് രൂപീകരണം പൂർത്തിയാക്കിയ ഗ്രാമപഞ്ചായത്തുകൾക്ക് ഇനി ഫീസിബിൾ അല്ലാത്ത പ്രോജക്ടുകൾക്ക് ഭേദഗതി വരുത്തുമ്പോൾ പകരമായി 'അതുല്യം' പ്രോജക്ട് ഉൾപ്പെടുത്താവുന്നതാണ്.

**2.3 അംഗനവാടികളുടെ വികസനം**

തെരഞ്ഞെടുക്കപ്പെട്ട അംഗനവാടികളുടെ ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് മെയിന്റനൻസ് ഫണ്ട് (നോൺറോഡ്), എം.എൽ.എ ഫണ്ട്, സാമൂഹ്യനീതി വകുപ്പ് ഫണ്ട് എന്നിവ ചേർന്നുള്ള ക്ലസ്റ്റർ അടിസ്ഥാനത്തിൽ പ്രവൃത്തികൾ ഏറ്റെടുക്കുന്നതിന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. അതനുസരിച്ച് മെയിന്റനൻസ് ഫണ്ടിൽ നിന്നും വിഹിതം വകയിരുത്തുന്നതിന് ഗ്രാമപഞ്ചായത്ത് നടപടി എടുക്കേണ്ടതാണ്.

**2.4** 2015-16-ലെ പദ്ധതി നടത്തിപ്പിനുള്ള സമയക്രമം നിശ്ചയിക്കുന്നതിനും ആയതിനുള്ള കരട് നിർദ്ദേശം സമർപ്പിക്കുന്നതിനും കില ഡയറക്ടറെയും, സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസറെയും ചുമതലപ്പെടുത്തി.

**2.5** 03.09.2014-ലെ പൊതുവിഷയങ്ങൾ 2.6 തീരുമാനപ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സ്ഥാപിക്കുന്ന ടോയ്‌ലറ്റുകൾ ശുചിയായി സൂക്ഷിക്കുന്നതിനും ഒരു മെയിന്റനൻസ് പ്രോട്ടോക്കോൾ തയ്യാറാക്കി നൽകുന്നതിന് പ്ലാനിംഗ് ബോർഡ് അംഗം ശ്രീ.സി.പി.ജോണിനെയും സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസറെയും, കില ഡയറക്ടറെയും ചുമതലപ്പെടുത്തി തീരുമാനിച്ചു.

**3 പ്രത്യേക വിഷയങ്ങൾ**

**3.1 വിജയപുരം ഗ്രാമപഞ്ചായത്ത് (ഫയൽ നം. 34397/ആർ.ഡി.3/14/തസ്വഭവ)**

ഗ്രാമപഞ്ചായത്തിലെ ജനന–മരണ വിവാഹ രജിസ്ട്രേഷൻ പാസ്റ്റ് ഡാറ്റാ എൻട്രി പൂർത്തിയാക്കാനുള്ള സമയപരിധി ദീർഘിപ്പിക്കുന്നതിന് വകുപ്പുതലത്തിൽ തീരുമാനം എടുക്കാൻ നിർദ്ദേശിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.2 മടവൂർ ഗ്രാമപഞ്ചായത്ത് (ഫയൽ നം. 50998/ഡി.എ2/14/തസ്വഭവ)**

ജില്ലാ ആസൂത്രണസമിതിയുടെ അംഗീകാരം ലഭിച്ചതു പ്രകാരം എസ്.സി.പി/റ്റി.എസ്.പി. പദ്ധതികളുടെ നിർവഹണം നടത്തുന്നതിന് പഞ്ചായത്തിനെ അനുവദിച്ച് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3. 3 കൊടകര ബ്ലോക്ക് പഞ്ചായത്ത് (ഫയൽ നം. 54945/ഡി.ഡി2/14/തസ്വഭവ)**

2014–15 വർഷത്തെ പദ്ധതികളിൽ ഓൺലൈൻ വഴി എൻട്രി നടത്താൻ കഴിയാത്തവ വീണ്ടും എൻട്രി ചെയ്യുന്നതിന് സൗകര്യം നൽകാൻ ഐ.കെ.എം ന് നിർദ്ദേശം നൽകി തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.4 വിളപ്പിൽ ഗ്രാമപഞ്ചായത്ത് (ഫയൽ നം. 5617/ഡി.ബി.3/14/തസ്വഭവ)**

ആംബുലൻസിന്റെ തുടർചെലവുകൾ ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റി നിർവഹിക്കണമെന്ന വ്യവസ്ഥയ്ക്ക് വിധേയമായി അംഗീകരിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.5 കൊണ്ടോട്ടി ബ്ലോക്ക് പഞ്ചായത്ത് (ഫയൽ നം. 65198/എഫ്,എം.2/14/തസ്വഭവ)**

ഡയാലിസിസ് സെന്ററിന്റെ തുടർപ്രവർത്തനങ്ങൾക്ക് സംയുക്ത പ്രോജക്ട് തയ്യാറാക്കി അനുവാദം നേടുന്നതിന് നിർദ്ദേശിച്ച് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.6 മങ്കടഗ്രാമപഞ്ചായത്ത് ബഹു. എം.എൽ.എ ശ്രീ. റ്റി.എ. അഹമ്മദ് കബീർ മുഖേന സമർപ്പിച്ചത്.**

നിലവിലുള്ള മാർഗരേഖ പ്രകാരം എയ്ഡഡ് സ്ക്കൂളുകൾക്ക് കമ്പ്യൂട്ടർ ഉപകരണങ്ങൾ നൽകാൻ വ്യവസ്ഥയില്ല. എയ്ഡഡ് സ്ക്കൂളുകൾക്ക് കമ്പ്യൂട്ടർ വാങ്ങി നൽകാമോ എന്നത് സംബന്ധിച്ച് പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് പ്ലാനിംഗ് ബോർഡ് അംഗം ശ്രീ.സി.പി.ജോണിനെയും സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസറെയും ചുമതലപ്പെടുത്തി.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.7 കാറഡ്ക്ക ഗ്രാമപഞ്ചായത്ത്**

പ്രത്യേക വിഷയം 3.6 ബാധകം

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.8 പള്ളം ബ്ലോക്ക് പഞ്ചായത്ത്**

2014–15 വാർഷിക പദ്ധതിയിലുൾപ്പെടുത്തി കിണർ റീചാർജിംഗും ത്രീ വീലർ മോട്ടർ സൈക്കിൾ വിതരണവും ഗ്രാമസഭ അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റ് പ്രകാരം നടപ്പിലാക്കാവൂ എന്ന വ്യവസ്ഥയ്ക്ക് വിധേയമായി അനുവദിച്ച് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.9 പള്ളം ബ്ലോക്ക് പഞ്ചായത്ത്**

ഓഡിറ്റ് വിഷയമായതിനാൽ ഭരണ വകുപ്പുതലത്തിൽ തീരുമാനമെടുക്കാൻ നിർദ്ദേശിച്ച് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.10 നെടുങ്കണ്ടം ബ്ലോക്ക് പഞ്ചായത്ത്**

പാമ്പാടുംപാറ മന്നക്കുടി എസ്.റ്റി. കോളനിയിലെ ലൈബ്രറി കെട്ടിട മെയിന്റനൻസ് ഒരു പ്രത്യേക കേസായി പരിഗണിച്ച് അനുവദിക്കാൻ തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.11 കണ്ണൂർ ജില്ലാ സഹകരണ ആയുർവേദിക് റിസർച്ച് ഹോസ്പിറ്റൽ സൊസൈറ്റി ലിമിറ്റഡ് പ്രസിഡന്റിന്റെ കത്ത്**

ആരോഗ്യവകുപ്പ് ഗുണനിലവാരം ഉറപ്പുവരുത്തിയ ഔഷധങ്ങൾ ആരോഗ്യഫാർമയിൽ നിന്നും നേരിട്ട് വാങ്ങുന്നതിന് 08.01.2007–ലെ സ.ഉ.(സാധാ)91/07/തസ്വഭവ പ്രകാരം തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളെ അനുവദിച്ച് ഉത്തരവായിരുന്നു. അരോഗ്യ വകുപ്പിന്റെയും ഡ്രഗ്സ് കൺട്രോൾ വിഭാഗത്തിന്റെയും ഗുണനിലവാര പരിശോധനയ്ക്ക് വിധേയമായി ആരോഗ്യഫാർമയിൽ നിന്ന് ഔഷധങ്ങൾ നേരിട്ട് വാങ്ങാൻ തദ്ദേശഭരണ സ്ഥാപനങ്ങളെ തുടർന്നും അനുവദിക്കാൻ തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.12 അടിമാലി ബ്ലോക്ക് പഞ്ചായത്ത് (ഫയൽനം.74179/ഡി.ഡി.2/തസ്വഭവ)**

ഹൈമാസ്റ്റ് സ്ട്രീറ്റ്ലൈറ്റ് സ്ഥാപിക്കാൻ അനുവദിക്കണമെന്ന ആവശ്യം നിരസിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.13 ആലപ്പുഴ ജില്ലാ പഞ്ചായത്ത്**

ആലപ്പുഴ ജില്ലാ പഞ്ചായത്തിലെ മങ്കൊമ്പ് വൊക്കേഷണൽ ഹയർസെക്കണ്ടറി സ്ക്കൂൾ കെട്ടിടം തകർന്നു വീണതു സംബന്ധിച്ച് പരിശോധന നടത്തി റിപ്പോർട്ട് നൽകാൻ ചീഫ് ടെക്നിക്കൽ എക്സാമിനറോട് അഭ്യർത്ഥിക്കാൻ തീരുമാനിച്ചു. ഇ–ടെണ്ടർ ഒഴിവാക്കണമെന്നയാവശ്യം പരിഗണിക്കേണ്ടതില്ലെന്നും തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.14 ആലപ്പുഴ ജില്ലാ പഞ്ചായത്ത്**

ജില്ലയിലെ പട്ടികജാതി ഗ്രൂപ്പുകൾക്ക് കാർഷിക യന്ത്രോപകരണങ്ങൾ വാങ്ങി നൽകുന്നതിന് മാർഗരേഖ പ്രകാരം നടപടി സ്വീകരിക്കാൻ നിർദ്ദേശിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.15 ഐക്കരനാട് ഗ്രാമപഞ്ചായത്ത് (ഫയൽനം.50693/ഡി.എ1/14/തസ്വഭവ)**

പട്ടികജാതിക്കാരായ പ്രൊഫഷണൽ കോഴ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ധനസഹായം നൽകൽ പദ്ധതി മാർഗരേഖയിലെ വ്യവസ്ഥകൾ (ഖണ്ഡിക 9.3 പേജ് 6) അനുസരിച്ച് നടപ്പാക്കാൻ നിർദ്ദേശിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.16 നന്നമ്പ്ര ഗ്രാമപഞ്ചായത്ത് (ഫയൽനം.37436/എ.ബി2/14/തസ്വഭവ)**

പ്രത്യേക വിഷയം 3.6 ബാധകം

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.17 ദാരിദ്ര്യ ലഘൂകരണ വിഭാഗം – കോഴിക്കോട് (ഫയൽനം.57709/ഡി.ഡി.1/14/തസ്വഭവ)**

TPA 970 ജനറൽ അക്കൗണ്ടിലെ ബാക്കിയുള്ള തുക ഐ.എ.വൈ. പദ്ധതിയുടെ സംസ്ഥാന സർക്കാർ അധിക വിഹിതമായി ഉപയോഗിക്കാൻ അനുവദിക്കണമെന്നയാവശ്യത്തിൽ വകുപ്പുതല തീരുമാനമെടുക്കാൻ നിർദ്ദേശിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.18 മാനന്തവാടി ഗ്രാമപഞ്ചായത്ത് (ഫയൽനം.58438/എഫ്.എം.2/14/തസ്വഭവ)**

ഗ്രാമപഞ്ചായത്ത് നടപ്പാക്കി വരുന്ന ആശുപത്രിയിൽ ഭക്ഷണ വിതരണം പദ്ധതിക്ക് തുടർന്നും അനുവാദം നൽകേണ്ടതില്ലെന്ന് 15.04.2014–ലെ കോഓർഡിനേഷൻ കമ്മിറ്റി ഇനം 3.19 പ്രകാരം തീരുമാനിച്ചിരുന്നെങ്കിലും ആദിവാസി മേഖലയിലെ പ്രവർത്തനമായ തിനാൽ തുടർന്നും തനത് ഫണ്ടിൽ നിന്നും തുക ചെലവഴിച്ച് നടപ്പാക്കാൻ അനുവദിക്കണമെന്ന ആവശ്യം അംഗീകരിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.19 മുട്ടാർ ഗ്രാമപഞ്ചായത്ത് (ഫയൽനം.57043/ഡി.എ2/14/തസ്വഭവ)**

എസ്.സി. കുടുംബങ്ങളുടെ വീടിന്റെ പരിസരം മണ്ണിട്ടുയർത്തണമെന്ന ആവശ്യത്തിൽ ഓരോ വീടിനും പ്രത്യേകം പ്രത്യേകം എസ്റ്റിമേറ്റ് തയ്യാറാക്കി നടപ്പാക്കാൻ നിർദ്ദേശിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.20 കുത്തിയതോട് ഗ്രാമപഞ്ചായത്ത് (ഫയൽനം.59994/ഡി.എ2/14/തസ്വഭവ)**

3.19 തീരുമാനം ബാധകം

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.21 പള്ളിക്കുന്ന് ഗ്രാമപഞ്ചായത്ത് (ഫയൽനം 57337/ഡി.എ2/14/തസ്വഭവ)**

കമ്പ്യൂട്ടർ സംബന്ധമായ ബിരുദം,പി.ജി. പോളിടെക്നിക്ക് എന്നീ കോഴ്സുകളിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് കമ്പ്യൂട്ടർ/ലാപ്ടോപ് വിതരണം ചെയ്യുന്നത് അംഗീകരിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.22 കോഴിക്കോട് ജില്ലാ പഞ്ചായത്ത്**

13.08.2014–ലെ കോഓർഡിനേഷൻ കമ്മിറ്റിയോഗം 2.7 തീരുമാനമനുസരിച്ച് പട്ടികജാതി, പട്ടികവർഗ്ഗ വനിത ഘടക പദ്ധതി, വൃദ്ധർ ഭിന്നശേഷിയുള്ളവർ ശിശുക്കൾ എന്നിവർക്കായുള്ള പദ്ധതികൾ ഗ്രാമസഭ അംഗീകരിച്ച ഗുണഭോക്തൃലിസ്റ്റിന്റെ അടിസ്ഥാനത്തിൽ ബ്ലോക്ക് പഞ്ചായത്തുകൾക്ക് ഏറ്റെടുക്കാൻ അനുവദിച്ചിരുന്നു. ഈ തീരുമാനം ജില്ലാ പഞ്ചായത്തുകൾക്കും ബാധകമാക്കണമെന്നയാവശ്യം അംഗീകരിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.23 കോഴിക്കോട് ജില്ലാ പഞ്ചായത്ത്**

ഇ–ടെണ്ടർ തുകയുടെ പരിധി 25 ലക്ഷം രൂപയായി ഉയർത്തണമെന്ന ആവശ്യം അംഗീകരിക്കേണ്ടതില്ലെന്ന് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.24 കേരള സാക്ഷരത മിഷൻ അതോറിട്ടി – ബഹു. വിദ്യാഭ്യാസ വകുപ്പുമന്ത്രി മുഖേന സമർപ്പിച്ചത്**

പൊതു വിഷയം 2.2 തീരുമാനം ബാധകം

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.25 കണിയാമ്പറ്റ ഗ്രാമപഞ്ചായത്ത്**

ജലനിധി പദ്ധതിവഴി കുടിവെള്ളം ലഭ്യമാകാത്ത സ്ഥലത്ത് കേരള വാട്ടർ അതോറിട്ടിയിൽ നിന്നും കുടിവെള്ള കണക്ഷൻ എടുത്തിട്ടുള്ള വീടുകൾക്ക് നിലവിലുള്ള ഉത്തരവ് പ്രകാരം സബ്സിഡി നൽകാൻ അനുവദിക്കണമെന്ന ആവശ്യം അംഗീകരിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.26 അരൂർ ഗ്രാമപഞ്ചായത്ത്**

പട്ടികജാതി വിഭാഗം തൊഴിൽ രഹിതർക്ക് ഓട്ടോ ടാക്സി വിതരണ പദ്ധതിക്ക് മാർഗരേഖ പ്രകാരം സബ്സിഡി അനുവദിക്കാമെന്ന് നിർദ്ദേശിച്ച് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.27 അരിമ്പൂർ ഗ്രാമപഞ്ചായത്ത് (ഫയൽനം 54068/ഇ.എം.1/14/തസ്വഭവ)**

ഇലക്ട്രോണിക് വോട്ടിംഗ് യന്ത്രം വാങ്ങാനുള്ള തുക വകയിരുത്തുന്നത് അടുത്ത വർഷത്തേയ്ക്കു മാറ്റണമെന്ന ആവശ്യം അംഗീകരിക്കേണ്ടതില്ലെന്നും, പ്ലാൻഫണ്ട് ഇതിനായി വിനിയോഗിക്കാമെന്നും നിർദ്ദേശിച്ചു. വളപട്ടണം, പുന്നപ്ര വടക്ക് ഗ്രാമപഞ്ചായത്തുകളെയും ഈ തീരുമാനം അറിയിക്കാൻ നിർദ്ദേശിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.28 സാമൂഹ്യനീതി വകുപ്പു ഡയറക്ടറുടെ കത്ത്**

അംഗനവാടികളുടെ മോണിറ്ററിംഗ് നിർവഹിക്കുന്ന സൂപ്പർവൈസർമാർക്ക് ആവശ്യമായ ഭൗതിക സാഹചര്യം അനുവദിച്ചു നൽകാൻ ഗ്രാമപഞ്ചായത്തുകൾ, മുനിസിപ്പാലിറ്റികൾ എന്നിവർക്ക് നിർദ്ദേശം നൽകണമെന്നു സാമൂഹ്യനീതി വകുപ്പു ഡറക്ടറുടെ ആവശ്യം അംഗീകരിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.29 സാമൂഹ്യനീതി വകുപ്പു ഡയറക്ടറുടെ കത്ത്**

കാസർഗോഡ് ജില്ലയിലെ ഗ്രാമപഞ്ചായത്ത്, മുനിസിപ്പാലിറ്റി എന്നിവയിൽ നിന്നും സാമൂഹ്യനീതി ദിനാഘോഷം നടത്തുന്നതിന് സംഭാവന നൽകുന്നത് യഥാക്രമം 10000 രൂപ, 25000 രൂപ എന്നീ നിരക്കിൽ തനത് ഫണ്ടിൽ നിന്നും നൽകുന്നതിന് യഥേഷ്ടാനുമതി നൽകി തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.30 ചോക്കാട് ഗ്രാമപഞ്ചായത്ത്**

ജലനിധി പദ്ധതിയുടെ സർവെയിൽ ഉൾപ്പെട്ടിട്ടില്ലാത്ത ഗ്രാമപഞ്ചായത്തിലെ 9,10 വാർഡുകളിലെ കുടിവെള്ള പ്രശ്നം HADA യിൽ ഉൾപ്പെടുത്തി നടപ്പാക്കാൻ അനുവദിക്കണമെന്നയാവശ്യം അംഗീകരിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

(യോഗം രാവിലെ 9.30ന് അവസാനിച്ചു)

***അടുത്ത കോഓർഡിനേഷൻ കമ്മിറ്റിയോഗം 01.10.2014 രാവിലെ 8 മണിക്ക് ബഹു.മുഖ്യമന്ത്രിയുടെ കോൺഫറൻസ് ഹാളിൽ കൂടുന്നതാണ്.***